നംപർ: ബി1–25388/08

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തിയതി: 3.9.08.

## സർക്കുലർ

വിഷയം:– ജനന മരണ രജിസ്ട്രേഷൻ – ജനന രജിസ്റ്ററുകളിൽ പേരു ചേർക്കുമ്പോൾ ഇനിഷ്യലിന്റെ വികസിതരൂപം ചേർത്തു നൽകുന്നതു സംബന്ധിച്ച്.

സൂചന:– 1.ചീഫ് രജിസ്ട്രാറുടെ 20.3.07 ലെ ബി1–2815/07 നം.സർക്കുലർ.
2. രജിസ്ട്രാർ ജനറൽ,ഇന്ത്യയുടെ.05-06-07ലെ നമ്പർ കത്ത്.

ജനനരജിസ്റ്ററുകളിൽ കുട്ടിയുടെയും മാതാപിതാക്കളുടെയും പേരു ചേർത്തിട്ടുള്ളതിൽ ഇനിഷ്യലുകൾ വികസിപ്പിച്ചുള്ള തിരുത്തലുകൾ അനുവദനീയമല്ലെന്ന് സൂചന (1) ലെ സർക്കുലർ മുഖേന ചീഫ് രജിസ്ട്രാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇനിഷ്യൽ വികസിപ്പിക്കുന്നത് പേരിലെ മാറ്റം തന്നെ ആയതിനാൽ ജനനമരണ രജിസ്ട്രേഷൻ ആക്ടിലെ 15–ാം വകുപ്പ് പ്രകാരം ഇത് അനുവദിക്കാവുന്നതല്ലെന്ന് സൂചന (2) പ്രകാരം രജിസ്ട്രാർ ജനറൽ അറിയിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ജനന രജിസ്റ്ററിൽ പേരു ചേർക്കുമ്പോൾ സ്കൂൾ രേഖ പ്രകാരമുള്ള പേര് അതേ രീതിയിൽ മാത്രമേ രജിസ്ട്രാർമാർ ചേർത്ത് നൽകുന്നുള്ളു. എന്നാൽ,പാസ്പോർട്ട് ഉൾപ്പെടെയുള്ള പല ഔദ്യോഗിക രേഖകളിലും വ്യക്തികളുടെ പേരിലെ ഇനിഷ്യൽ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ഇത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ജനന രജിസ്ട്രേഷനുകളിൽ ആദ്യമായി പേരു ചേർക്കുമ്പോഴും ജനന റിപ്പോർട്ടുകളിൽ മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തുമ്പോഴും സ്കൂൾ രേഖയിലോ, മറ്റ് ഔദ്യോഗിക രേഖകളിലോ ഉപയോഗിച്ചിട്ടുള്ള പേരിലെ ഇനിഷ്യലിന്റെ വികസിതരൂപം രജിസ്റ്ററിൽ ചേർക്കുന്നതിന് ആവശ്യപ്പെടുന്ന പക്ഷം അത് അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ ഒരു തവണ രജിസ്റ്ററിൽ ചേർത്തിട്ടുള്ള പേരിലെ ഇനിഷ്യൽ വികസിപ്പിക്കുന്നതിനോ, സർനെയിം ചുരുക്കുന്നതിനോ പിന്നീട് സമർപ്പിക്കുന്ന അപേക്ഷകൾ അനുവദിക്കാവുന്നതല്ല.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് കഴിയുന്നത്ര പ്രചാരം നൽകുന്നതിനും അവ നടപ്പാക്കുന്നതിനും എല്ലാ രജിസ്ട്രാർമാരും ശ്രദ്ധിക്കേണ്ടതാണ്.

എസ്.ആർ.രവിനായർ
ഡെപ്യൂട്ടി ചീഫ്‌രജിസ്ട്രാർ
ചീഫ് രജിസ്ട്രാർക്കു വേണ്ടി

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(ജനനമരണ രജിസ്ട്രാർമാർക്ക്
സർക്കുലറിന്റെ പകർപ്പ്
നൽകേണ്ടതാണ്)

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്(ഉപരിപത്രം സഹിതം)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ,ഐ.കെ.എം(ഉപരിപത്രം സഹിതം)
(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
നഗരകാര്യ ഡയറക്ടർ,
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും(പഞ്ചായത്ത് ഡയറക്ടറാഫീസ്)
എല്ലാ സെക്ഷൻ ആഫീസർമാർക്കും( പഞ്ചായത്ത് ഡയറക്ടറാഫീസ്)
പബ്ലിസിറ്റി ആഫീസർ,പഞ്ചായത്ത് ഡയറക്ടർ ആഫീസ്
ബി2,ബി3 സീറ്റുകൾക്ക്
കരുതൽ ഫയൽ/അധികം

**ജെ.എൽ.**